## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **20.06.2014 - ൽ മറുപടിക്ക്**
ചോദ്യം നം. 3014

## കേരള പരിപ്രേക്ഷ്യ പദ്ധതി 2030

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ജോസഫ് വാഴക്കൻ**<br>**ശ്രീ. വി.ഡി. സതീശൻ**<br>**ശ്രീ. വർക്കല കഹാർ**<br>**ശ്രീ. സി.പി. മുഹമ്മദ്** | **ശ്രീ. കെ.സി. ജോസഫ്**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാന ആസൂത്രണ ബോർഡ് കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ന് രൂപം കൊടുത്തിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ; | (ബി) ഉയർന്ന സാമ്പത്തിക സ്ഥിതിയുള്ള നോർഡിക് (നോർവെ, ഡെൻമാർക്ക്, ഫിൻലാന്റ്, സ്വീഡൻ) രാജ്യങ്ങളുടെ നിലവാരത്തിലേക്ക് രണ്ടായിരത്തി നാൽപ്പതോടെ കേരളത്തെ എത്തിക്കുകയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. സാമ്പത്തിക, സാമൂഹിക, മാനവശേഷിയുടെ അഭിവൃദ്ധിയും ഹരിത സുസ്ഥിരതയുമാണ് പദ്ധതിയുടെ ദൗത്യം. സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിൽ അടുത്ത 20 വർഷം 7.5 ശതമാനം കൂട്ടു വാർഷിക വളർച്ചാ നിരക്ക് (സി.ഐ.ജി.ആർ) കൈവരിക്കുകയാണ് ലക്ഷ്യം. |
| (സി) പദ്ധതിക്കുള്ള നിർദ്ദേശങ്ങൾ ആരാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദമാക്കുമോ; | (സി) ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസർച്ച് (NCAER) എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടുകൂടി ബന്ധപ്പെട്ട എല്ലാ വിഭാഗം ആൾക്കാരുമായി വിവിധ തലങ്ങളിൽ നടത്തിയ കൂടിയാലോചനകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന ആസൂത്രണ ബോർഡ് കേരള പരിപ്രേക്ഷ്യ പദ്ധതി 2030 തയ്യാറാക്കിയിട്ടുള്ളത്. |
| (ഡി) പദ്ധതിയിൽ ഏതെല്ലാം മേഖലകൾക്കാണ് മുൻതൂക്കം നൽകിയിട്ടുള്ളതെന്നും വിശദാംശം എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ? | (ഡി) കൃഷി, മൃഗ സംരക്ഷണം, മത്സ്യബന്ധനം, വ്യവസായം, പരമ്പരാഗത വ്യവസായം, സംരംഭകത്വം, കുടിയേറ്റം, നഗര-ഗ്രാമ വികസനം, ഗതാഗതം, പരിസ്ഥിതി, ഊർജ്ജം, ജലവിഭവം, വന സംരക്ഷണം, ആരോഗ്യം, സാമൂഹ്യ ദുർബലവിഭാഗങ്ങൾ, സാമൂഹ്യമായി |

പാർശ്വവൽക്കരിക്കപ്പെട്ടവർ, ഭരണനിർവ്വഹണം മുതലായ മേഖലകൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്. കൃഷി -കുറഞ്ഞത് 2%, ഉൽപന്ന നിർമ്മാണം-9% , വിദ്യാഭ്യാസ - ആരോഗ്യ രംഗം 10%, വാർത്താ വിനിമയം - 7.5%, നിർമ്മാണം-9%, എന്നിങ്ങനെ വളർച്ച കൈവരിക്കുന്നതിനും മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിൽ വിദ്യാഭ്യാസ - ആരോഗ്യ മേഖലകളുടെ വിഹിതം നിലവിലുള്ള 11 ശതമാനത്തിൽ നിന്നും 2030-ൽ 15 ശതമാനമായി വർദ്ധിപ്പിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**